(സി) ഭാരതപ്പുഴയിലെ മണൽ ലേലം ചെയ്ത് വിറ്റ വകയിലും അനധികൃത മണൽ എടുപ്പ് തടയുന്നതിന്റെ ഭാഗമായി പിടിച്ചെടുക്കുന്ന മണൽ വിറ്റവകയിലും 1-7-2006 മുതൽ 31-5-2015 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) ഭാരതപ്പുഴയിൽനിന്നും മണലെടുക്കുന്നത് പൂർണ്ണമായും നിരോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം മുക്കുന്നിമല റഡാർ സ്റ്റേഷന് ഭൂമി

151 (5236) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുക്കുന്നിമലയിൽ റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി കണ്ടെത്തുകയോ സ്വകാര്യ ഭൂമി അക്വിസിഷൻ നടത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) റഡാർ സ്റ്റേഷൻ സ്ഥാപിക്കുവാൻ കണ്ടെത്തിയ ഭൂമിയുടെ സർവ്വേ നമ്പറും വിസ്തീർണ്ണവും വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട റഡാർ സ്റ്റേഷൻ ഭൂമിയിൽ നിന്ന് പാറഖനനം നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മുക്കുന്നിമലയിൽ റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി കണ്ടെത്തുകയോ സ്വകാര്യ ഭൂമി അക്വിസിഷൻ നടത്തുകയോ ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly